(ഡി) റിപ്പയർ ചെയ്യുന്നതിനാവശ്യമായ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിന് ഓരോ സംഘത്തിനും പ്രതിവർഷം 50,000 രൂപവരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഉല്പാദനക്ഷമമല്ലാത്ത ചകിരി നിർമ്മാണയന്ത്രങ്ങൾ മാറ്റി സ്ഥാപിക്കാനും കേടുപാടു സംഭവിച്ച യന്ത്രങ്ങളുടെ തകരാറു പരിഹരിച്ചു നൽകാനും യന്ത്രങ്ങൾ വാങ്ങി സ്ഥാപിച്ചുകൊടുത്ത കയർഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

216 (282) ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭാ പ്രദേശങ്ങളിൽ ചപ്പുചവറുകൾ ശേഖരിച്ചു നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നുള്ള കേന്ദ്ര നിയമം ഇൻഡ്യയിലെങ്ങും പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധമായ എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) പാഴ്വസ്തുക്കളും ചപ്പുചവറുകളും ഒന്നിച്ച് നിക്ഷേപിക്കുന്നതിനും പിന്നീട് കത്തിച്ചുകളയുന്നതിനും ശാസ്ത്രീയമായി നശിപ്പിക്കുന്നതിനും പാഴ്വസ്തുക്കളും മറ്റും ശേഖരിക്കുമ്പോൾ വഴിയാത്രയ്ക്കും മറ്റും ശല്യം ഉണ്ടാകാതിരിക്കുന്നതിനും അന്തരീക്ഷ ജലമലിനീകരണം ഉണ്ടാകാതിരിക്കുന്നതിനും എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിക്കേണ്ടതായി വരുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) മുനിസിപ്പൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസ്, 1999 എന്ന പേരിൽ ഒരു കരട് ചട്ടം കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയം 27.9.99 തീയതി പ്രകാരം ഇൻഡ്യാ ഗവൺമെന്റ് ഗസറ്റിൽ നോട്ടിഫൈ ചെയ്തതായി സംസ്ഥാന സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഈ ചട്ടം നഗരസഭകൾക്ക് മാത്രമെ ബാധകമാകുന്നുള്ളൂ. ടി കരട് ചട്ടങ്ങളിൽ നിർദ്ദേശിച്ചപ്രകാരം മാലിന്യ ശേഖരണം നീക്കം ചെയ്യൽ, സംസ്ക്കരണം തുടങ്ങിയ കാര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ സംവിധാനങ്ങളും ക്രമീകരണങ്ങളും നിർദ്ദിഷ്ട കാലപരിധിയ്ക്കുള്ളിൽ നരഗസഭകൾ ഏർപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തേണ്ടതുണ്ട്. ടികൾ പൊതുവായി നടപ്പാക്കുന്നതിനുള്ള ചുമതല ജില്ലാ മജിസ്ട്രേട്ട് അഥവാ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ എന്നിവരിൽ നിക്ഷിപ്ത മാണ്. സ്റ്റേറ്റ്/സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡുകൾക്കും ഇത് സംബന്ധിച്ച പ്രത്യേക ചുമതലകൾ നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ടി ചട്ടത്തോടനുബന്ധിച്ചുള്ള ഷെഡ്യൂളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ നഗരസഭകൾ ഏർപ്പെടുത്തേണ്ടതാണ്.

(ഡി) പൂർണ്ണമായും പര്യാപ്തമല്ല.

(ഇ)&(എഫ്) പുനരുപയോഗത്തിന് സാദ്ധ്യമായ പാഴ്വസ്തുക്കളും ജീർണ്ണിക്കുന്ന പാഴ്വസ്തുക്കളും ഉത്ഭവസ്ഥലത്ത് വച്ചുതന്നെ പ്രത്യേകം തരംതിരിച്ച് ശേഖരിക്കുന്നതിനും, നീക്കം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ചപ്പുചവറുകളിൽനിന്ന് ജൈവവളം ഉല്പാദിപ്പിച്ച് മാലിന്യം സംസ്ക്കരിക്കുന്ന രീതിയാണ് ഫലപ്രദമായിട്ടുള്ളത്. നഗരഖരമാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ച് അനുയോജ്യമായ സംഭരണികളിൽ ശേഖരിക്കുകയും നീക്കംചെയ്യുകയും ചെയ്യുന്നപക്ഷം അന്തരീക്ഷ മലിനീകരണം ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കും.

217 (283) നദികളിലെ മണലൂറ്റ് നിയന്ത്രിക്കാൻ നടപടി

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും മണൽ വാരുന്നത് തടയുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം മണൽവാരൽ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മണൽവാരൽ സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതിന് സമഗ്രമായൊരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അനധികൃത മണലൂറ്റ് തടയുന്നതിന്റെ ഭാഗമായി ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെയോ വാഹനങ്ങളെയോ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ നദികളിലാണ് ഇപ്പോൾ പുതുതായി മണലൂറ്റ് നിയന്ത്രിക്കുന്നത്;

(എഫ്) ഇത്തരം നിയന്ത്രണം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) സർക്കാർ ഏറ്റെടുത്ത ഒമ്പത് പ്രധാന നദികളുടെ സംരക്ഷണത്തിനായി ഈ നദികളിൽനിന്നും നിയന്ത്രണങ്ങൾക്ക് വിധേയമായി മണലെടുക്കുന്നത് സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly